പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6127 04.07.2019-ൽ മറുപടിക്ക്

കടയ്ക്കൽ ടൗൺ ജനകീയ സംരക്ഷണ സമിതി ചെയർമാൻ നൽകിയ നിവേദനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചടയമംഗലം നിയോജക മണ്ഡല ത്തിലെ കടയ്ക്കൽ ടൗൺ ജനകീയ സംരക്ഷണ സമിതി ചെയർമാൻ ചടയമംഗലം എം.എൽ.എ.യുടെ ഉപരി കത്തോട്ട കൂടി നൽകിയ നിവേദനം (സി ഡി എൽ എം 24/ 2018) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാ മെന്ന് വിശദമാക്കുമോ; | (ബി) ടി പരാതിയിൽ തഹസീൽദാർ (ഭൂരേഖ) കൊട്ടാരക്കര മുഖാന്തിരം അന്വേഷണം നടത്തിയതിൽ ഈ സ്ഥലം കടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 49-ൽ റീസർവ്വേ 56/1-ൽപ്പെട്ട 5.70 ആർസ് പാറ പുറമ്പോക്ക് സ്ഥലമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഈ സർക്കാർ പാറ പുറമ്പോക്ക് സ്ഥലത്ത് ശ്രീ.അനിൽകുമാർ എന്ന കക്ഷിയുടെ അനധികൃത കയ്യേറ്റം ശ്രദ്ധയിൽ പ്പെട്ടതിനെതുടർന്ന് 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ടിയാന്റെ പേരിൽ എൽ.സി കേസ് ബുക്ക് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) പരാതിക്കാരൻ ഉന്നയിച്ച രീതിയിൽ പുറമ്പോക്ക കയ്യേറ്റവും പാറ ഖനനവും നടന്നിട്ടുണ്ടോ എന്നറിയിക്കുമോ; | (സി) പരാതിക്കാരൻ ഉന്നയിച്ച പ്രകാരം പുറമ്പോക്ക് ഭൂമി കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത പരാതിയിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വീഴ്ചവരുത്തിയ ഉദ്യോഗ സ്ഥൻമാർക്കെതിരെ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്ത മാക്കുമോ? | (ഡി) കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള താണ്. നിലവിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ച വരുന്നുണ്ട്. കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ അന്വേഷണത്തിലൂടെ കണ്ടെത്തി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ